# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3438** **18.02.2013 ൽ മറുപടിയ്ക്ക്**

## കൃഷി ഭവനുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.വി.രാജേഷ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൃഷി ഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത് : | (എ) 1. കൃഷിഭവൻ മുഖേന കർഷകർക്കുള്ള സാമ്പത്തിക സഹായം കർഷകരുടെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം നടത്തി വരുന്നു.<br>2. ഇന്റർനെറ്റ് കണക്റ്റിവിറ്റി എല്ലാ കൃഷി ഭവനുകളിലും നൽകിക്കൊണ്ട് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും.<br>3. ഒഴിവുള്ള തസ്തികയിലേയ്ക്ക് നിയമനം നടത്തി വരുന്നു.<br>4. കൃഷി ഇടം സന്ദർശിക്കുന്നതിന് വാഹന സൗകര്യം നൽകി.<br>5. കൃഷി അസിസ്റ്റന്റ്മാരുടെ ചുമതലകൾ വ്യക്തമായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്.<br>6. കാർഷിക വികസന സമിതികൾ പുന:സംഘടിപ്പിച്ചു.<br>7. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തു ന്നതിനായി ലീഡ്സ് എന്ന നൂതന പദ്ധതി കൊല്ലം, പാലക്കാട്, വയനാട്, കണ്ണൂർ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. ഇതിനായി ജീവനക്കാരെ നിയമിച്ചു.<br>8. ആത്മ പദ്ധതി കൂടുതൽ കാര്യക്ഷമതയോടെ വിജ്ഞാന വ്യാപനത്തിനായി പ്രവർത്തിച്ചു വരുന്നു. ഇതിനായി ബ്ലോക്ക് ജില്ലാ തലത്തിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ചു. |
| (ബി) സംസ്ഥാനത്ത് പച്ചക്കറിയുടെ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ പച്ചക്കറിയുടെ ലഭ്യത വർദ്ധിപ്പിക്കുന്ന തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് : വിശദാംശം നൽകുമോ ? | (ബി) പച്ചക്കറിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>I. 2012-13 -ൽ പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം താഴെ പറയുന്ന ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. ആകെ 4,250 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നു. |

1. വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി പ്രോജക്ട് അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, മീഡിയ വഴിയുള്ള പച്ചക്കറി വിത്ത് വിതരണം തുടങ്ങിയവ.

**– 300 ലക്ഷം**

2. സ്കൂൾ കുട്ടികൾ വഴി വിത്ത് വിതരണം ചെയ്ത് വീട്ടുവളപ്പിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം.

**– 500 ലക്ഷം**

3. അർബൻ ക്ലസ്റ്റർ പച്ചക്കറി കൃഷി പ്രോൽസാഹനം (കോർപ്പറേഷനുകളിൽ മട്ടുപ്പാവു കൃഷി)

**– 400 ലക്ഷം**

4. ജില്ലാ ക്ലസ്റ്റർ പച്ചക്കറി കൃഷി പ്രോൽസാഹനം - 2011-12 ൽ രൂപീകരിച്ച 347 ക്ലസ്റ്ററുകൾക്കും പുതുതായി രൂപീകരിച്ച 712 ക്ലസ്റ്ററുകൾക്കും പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം, പമ്പ് സെറ്റ്, സസ്യ സംരക്ഷണ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് സഹായം, ക്ലസ്റ്ററുകൾക്ക് ഹരിത ഫണ്ട്, മുനിസിപ്പാലിറ്റികളിൽ മട്ടുപ്പാവ് കൃഷിക്ക് സഹായം തുടങ്ങിയവ

**– 2,700 ലക്ഷം**

5. പരിശീലനം, ബോധവൽക്കരണം തുടങ്ങിയവ

**– 50 ലക്ഷം**

6. ഹൈടെക് കൃഷി പ്രോൽസാഹനം

**– 250 ലക്ഷം**

7. കാർഷിക സർവ്വകലാശാലയിലെ പദ്ധതികൾക്ക് ധനസഹായം (ARS ആനക്കയം, ARS മണ്ണുത്തി എന്നീ സ്ഥാപനങ്ങൾക്ക്) **– 50 ലക്ഷം**

**ആകെ – 4,250 ലക്ഷം**

പദ്ധതി നടപ്പിലാക്കുന്നതു വഴി 14363 ഹെക്ടറിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനും 172368 ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുവാനും കഴിയുന്നു.

II. 2012-13 ലെ RKVY പദ്ധതി പ്രകാരം 1200 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് ഹെക്ടറിന് 25000 രൂപ നിരക്കിൽ സഹായധനം നൽകി വരുന്നു.

III. വയനാട് ജില്ലയിൽ പച്ചക്കറി കൃഷി വികസനത്തിനായി വയനാട് പാക്കേജ് പ്രകാരം 329.25 ലക്ഷം രൂപ കൃഷി വകുപ്പ് മുഖാന്തിരമുള്ള പദ്ധതികൾക്ക് വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ